**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3892** **27.06.2012-ൽ മറുപടിക്ക്**

## വർഷകാല-ജലജന്യരോഗങ്ങൾ

**ചോദ്യം**

ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ

എ) വർഷകാല-ജലജന്യ രോഗങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയുമോ ;

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

എ) മഴക്കാലരോഗങ്ങൾക്കെതിരെ മുൻകൂട്ടി പ്രതിരോധിക്കുവാൻ ഈ വർഷം ജനുവരി മുതൽ തന്നെ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ രോഗപ്രതിരോധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. ജില്ലാ തലം മുതൽ വാർഡ് തലം വരെ അവലോകന യോഗങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, വീട് വീടാന്തരമുള്ള ബോധവത്കരണം, രോഗപ്രതിരോധ ചികിത്സ, പകർച്ചവ്യാധി നിരീക്ഷണവും നിയന്ത്രണവും, കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ, കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധനകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. രോഗചികിത്സയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ഉദ്യോഗസ്ഥരെയും ആശുപത്രികളിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും വിന്യസിച്ചിട്ടുണ്ട്. മരുന്നുകൾ, ഒ.ആർ.എസ്., ഐ.വി. ഫ്ളൂയിഡുകൾ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുകയും ഒ.ആർ.എസ് ഡിപ്പോകൾ ഒ.ആർ.ടി. കോർണറുകൾ തുടങ്ങിയവ ആരംഭിക്കുകയും ചെയ്തു. രോഗ നിർണ്ണയത്തിനും ചികിത്സാ സൗകര്യങ്ങൾക്കും വേണ്ട സംവിധാനം ഒരുക്കിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ കീഴിൽ ജനങ്ങൾക്ക് ബോധവത്കരണം നൽകുന്നുണ്ട്.

..........2

ബി) തിളപ്പിക്കാത്തതും പച്ചവെള്ളം കലർത്തിയതുമായ വെള്ളം ഹോട്ടലുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് തടയുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ ഹോട്ടൽ ഇൻസ്പെക്ഷൻ നടത്തുന്നവേളയിൽ ഇതു സംബന്ധിച്ച കാര്യങ്ങൾ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ